REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-06-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 15ന് കാനഡയിലെ കനാനാക്കിസിൽ ആരംഭിക്കുന്ന G-7 ഉച്ചകോടിയിൽ പങ്കെടുക്കും.**
- **ത്യാഗത്തിന്റെയും ആത്മ സമർപ്പണത്തിന്റെയും സ്മരണയിൽ ഇസ്ലാം മത വിശ്വാസികൾ ബലിപെരുന്നാൾ ആഘോഷിക്കുന്നു.**
- **കോസ്റ്റ് ഗാർഡിന്റെ വിഴിഞ്ഞം സ്റ്റേഷനു വേണ്ടി നിർമിച്ച പുതിയ ബെർത്ത് കമ്മിഷൻ ചെയ്തു.**
- **മുതിർന്ന കോൺഗ്രസ് നേതാവും മുൻ KPCC പ്രസിഡന്റുമായ തെന്നല ബാലകൃഷ്ണപിള്ളയുടെ സംസ്കാരം ഉച്ചയ്ക്ക് ഒന്നരയോടെ തിരുവനന്തപുരം ശാന്തി കവാടത്തിൽ.**
- **ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ വൈകിട്ട് അരീന സബലെങ്ക, കോക്കോ ഗൗഫ് പോരാട്ടം.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 15ന് കാനഡയിലെ കനാനാക്കിസിൽ ആരംഭിക്കുന്ന G-7 ഉച്ചകോടിയിൽ പങ്കെടുക്കും. കനേഡിയൻ പ്രധാനമന്ത്രി മാർക് കാർണിയിൽ നിന്ന് ഇന്നലെ അദ്ദേഹത്തിന് ഇത് സംബന്ധിച്ച ക്ഷണം ലഭിച്ചു. ഇതിനോട് പ്രതികരിച്ച പ്രധാനമന്ത്രി തെരഞ്ഞെടുപ്പ് വിജയത്തിൽ കനേഡിയൻ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. ഇന്ത്യയും കാനഡയും പുതിയ ഊർജ്ജവുമായി ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്തുമെന്നും നരേന്ദ്രമോദി അറിയിച്ചു. ഈ മാസം 15 മുതൽ 17 വരെയാണ് G-7 ഉച്ചകോടി.

✪✪✪

ത്യാഗത്തിന്റെയും ആത്മ സമർപ്പണത്തിന്റെയും സ്മരണയിൽ ഇസ്ലാം മത വിശ്വാസികൾ ബലിപെരുന്നാൾ ആഘോഷിക്കുന്നു.

പ്രവാചകൻ ഇബ്രാഹിം നബി ദൈവിക ആജ്ഞപ്രകാരം പുത്രൻ ഇസ്മായിലിനെ ബലി അർപ്പിക്കാൻ ഒരുങ്ങിയതിന്റെ ഓർമപുതുക്കലാണ് ബലിപെരുന്നാൾ.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്ര മോദിയും രാജ്യത്തെ ജനങ്ങൾക്ക് ബലിപെരുന്നാൾ ആശംസകൾ നേർന്നു. ത്യാഗത്തിന്റെയും വിശ്വാസത്തിന്റെയും മാനുഷിക മൂല്യങ്ങളുടെയും പ്രതീകമാണ് ഈ ഉത്സവമെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

ബലിപെരുന്നാൾ ഉയർത്തിപിടിക്കുന്ന നിസ്വാർത്ഥതയുടേയും സേവനത്തിന്റേയും മൂല്യങ്ങൾ രാജ്യത്തിന്റെ ജനാധിപത്യ ഘടനയെ സമ്പന്നമാക്കുന്നുവെന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

സമൂഹത്തിൽ ഐക്യവും സമാധാനവും ശക്തിപ്പെടുത്തുന്നതിന് ആഘോഷം പ്രചോദനമാണെന്ന് പ്രധാനമന്ത്രി സന്ദേശത്തിൽ പറഞ്ഞു.

✪✪✪

മലബാറിൽ ഇസ്ലാം മത വിശ്വാസികൾ ബലിപെരുന്നാൾ ആഹ്ലാദപൂർവം ആഘോഷിക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി AC നസീർബാബു

........വോയ്സ്........

✪✪✪

തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ പാളയം ഇമാം വി.പി. സുഹൈബ് മൗലവിയും സെൻട്രൽ സ്റ്റേഡിയത്തിൽ നബീൽ സ്വലാഹിയും മണക്കാട് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ഈദ് ഗാഹിൽ മൗലവി ഇ.കെ. സുജാദും നമസ്കാരത്തിനു നേതൃത്വം നൽകി.

✪✪✪

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂരിൽ ബലിപെരുന്നാൾ ദിവസമായ ഇന്ന് മുന്നണികൾ പരസ്യപ്രചാരണം ഒഴിവാക്കി. അതേസമയം പള്ളികളിലും വീടുകളിലും സൗഹൃദസന്ദർശനം നടത്തി സ്ഥാനാർത്ഥികൾ വോട്ടുതേടുന്നുണ്ട്.

✪✪✪

കോസ്റ്റ് ഗാർഡിന്റെ വിഴിഞ്ഞം സ്റ്റേഷനു വേണ്ടി നിർമിച്ച പുതിയ ബെർത്ത് രാവിലെ കമ്മിഷൻ ചെയ്തു. വിഴിഞ്ഞം കോസ്റ്റ് ഗാർഡ് ജെട്ടിയിലെ ചടങ്ങിൽ തീരസേനാ ഡയറക്ടർ ജനറൽ പർമേഷ് ശിവമണി ഉദ്ഘാടനം ചെയ്തു. വലിയ കപ്പലുകൾക്കും അടുക്കാൻ സാധിക്കുന്നതാണ് നീളംകൂടിയ പുതിയ ബെർത്ത്. രക്ഷാപ്രവർത്തന ദൗത്യങ്ങൾ വേഗത്തിലാക്കാൻ ഇതിലൂടെ സാധിക്കും.

10 കോടി രൂപ ചെലവിൽ 76 മീറ്റർ നീളത്തിലും എട്ടുമീറ്റർ വീതിയിലുമാണ് പുതിയ ബെർത്ത് നിർമ്മിച്ചത്. നേരത്തേ കേരള മാരിടൈം ബോർഡിന്റെ ലീവേർഡ്, സീവേർഡ് എന്നീ ജെട്ടികളിലായിരുന്നു സൈനിക കപ്പലുകൾ അടുപ്പിച്ചിരുന്നത്.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും മുൻ KPCC പ്രസിഡന്റുമായിരുന്ന തെന്നല ബാലകൃഷ്ണപിള്ളയുടെ ഭൗതിക ശരീരം ഉച്ചയ്ക്ക് ഒന്നരയോടെ തിരുവനന്തപുരം ശാന്തി കവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കും.

ഇപ്പോൾ അദ്ദേഹത്തിന്റെ ഭൗതികദേഹം KPCC ആസ്ഥാനത്ത് പൊതുദർശനത്തിന് വച്ചിരിക്കുകയാണ്. മുഖ്യമന്ത്രി പിണറായി വിജയൻ അവിടെയെത്തി അന്തിമോപചാരം അർപ്പിച്ചു. രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക രംഗങ്ങളിലെ പ്രമുഖർ അടക്കം തെന്നല ബാലകൃഷ്ണപിള്ളയ്ക്ക് അന്തിമോപചാരമർപ്പിക്കാൻ വസതിയിലും ആശുപത്രിയിലും എത്തിയിരുന്നു.

വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ഇന്നലെയായിരുന്നു 95-കാരനായ തെന്നല ബാലകൃഷ്ണപിള്ളയുടെ അന്ത്യം.

✪✪✪

റഫേൽ യുദ്ധവിമാനത്തിന്റെ പ്രധാന ഘടകഭാഗം ഇന്ത്യയിൽ നിർമ്മിക്കുന്നതിന് നിർമ്മാതാക്കളായ ഡസാൾട്ട് ഏവിയേഷനും, ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡും കരാർ ഒപ്പുവെച്ചു. ഫ്രാൻസിനു പുറത്ത് റഫേൽ വിമാനത്തിന്റെ ഘടകഭാഗങ്ങൾ നിർമ്മിക്കുന്നത് ഇതാദ്യമായാണ്. ഹൈദരാബാദിലാണ് ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നത്.

✪✪✪

കഠിനാദ്ധ്വാനം ചെയ്യുന്ന കർഷകരുടെ ക്ഷേമത്തിന് ഗവൺമെന്റിന്റെ പ്രതിബദ്ധത പ്രധാനമന്ത്രി നരേന്ദ്രമോദി ആവർത്തിച്ച് വ്യക്തമാക്കി. കാർഷിക മേഖലയുടെ നവീകരണത്തിന് ഗവൺമെന്റ് വിവിധ പദ്ധതികൾ നടപ്പാക്കി വരികയാണ്. മണ്ണിന്റെ ഫലപുഷ്ടി, ജലസേചനം തുടങ്ങിയ മേഖലകൾക്കാണ് പ്രാമുഖ്യം നൽകുന്നതെന്ന് പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

അപൂർവ ലോഹങ്ങളുടേയും ധാതുക്കളുടേയും പര്യവേഷണത്തിൽ ഒന്നിച്ച് പ്രവർത്തിക്കാൻ ഇന്ത്യയും തെക്കൻ ഏഷ്യൻ രാജ്യങ്ങളും താൽപര്യം പ്രകടിപ്പിച്ചു. ഇന്ത്യ -തെക്കൻ ഏഷ്യ ഡയലോഗിന്റെ നാലാം യോഗത്തിന് ശേഷം ന്യൂഡൽഹിയിൽ പുറപ്പെടുവിപ്പിച്ച സംയുക്ത പ്രസ്താവനയിലാണ് അവർ ഇക്കാര്യം അറിയിച്ചത്. യോഗത്തിൽ കേന്ദ്രമന്ത്രി ഡോ. എസ് ജയശങ്കർ അധ്യക്ഷനായിരുന്നു.

✪✪✪

രാജ്യത്ത് കോവിഡ് ബാധിതരുടെ എണ്ണം 5755 ആയതായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു. 5484 പേർ രോഗമുക്തരായി.

✪✪✪

ഇന്ത്യയിലെ അതിദാരിദ്ര്യത്തിൽ കഴിയുന്നവരുടെ എണ്ണം 2022-23 കാലഘട്ടത്തിൽ 5.3 ശതമാനമായി കുറഞ്ഞെന്ന് ലോക ബാങ്കിന്റെ ഏറ്റവും പുതിയ കണക്കുകൾ പറയുന്നു. ഈ കാലയളവിൽ രാജ്യത്തെ 269 ദശലക്ഷം ആളുകൾ അതിദാരിദ്ര്യത്തിൽ നിന്ന് മോചിതരായതായി ലോകബാങ്ക് അറിയിച്ചു.

ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ, പശ്ചിമ ബംഗാൾ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവും കൂടുതൽ അതിദരിദ്രർ ഉണ്ടായിരുന്നത്.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീട പ്പോരാട്ടത്തിൽ ഇന്ന് ലോക ഒന്നാംനമ്പർ താരം ബലാറസിന്റെ അരീന സബലെങ്ക, ലോക രണ്ടാം നമ്പർ അമേരിക്കയുടെ കോക്കോ ഗൗഫിനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് ആറരയ്ക്കാണ് ഫൈനൽ പോരാട്ടം.

പുരുഷ സിംഗിൾസിൽ നാളെ ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാനിക് സിന്നർ, രണ്ടാം സീഡ് സ്പാനിഷ് താരം കാർലോസ് അൽകാരസുമായി ഏറ്റുമുട്ടും.

✪✪✪

ബംഗലൂരു ചിന്നസ്വാമി സ്റ്റേഡിയത്തിന് പുറത്തെ തിക്കിലും തിരക്കിലും 11 പേർ മരിച്ച സംഭവത്തെപറ്റി  കർണാടക പൊലീസിന്റെ CID വിഭാഗം അന്വേഷണം ഉടൻ ആരംഭിക്കും. ഗവൺമെന്റ് പ്രഖ്യാപിച്ച മജിസ്റ്റീരിയൽ അന്വേഷണം ബംഗലൂരു അർബൻ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ കഴിഞ്ഞ ദിവസം ആരംഭിച്ചിരുന്നു. സംഭവത്തോട് ബന്ധപ്പെട്ട് അറസ്റ്റിലായ നാല് പേരെ കസ്റ്റഡിയിൽ നൽകണമെന്ന് ആവശ്യപ്പെട്ട് CID വിഭാഗം കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്.

പരിപാടി നടത്തിപ്പിൽ വീഴ്ച വരുത്തിയതിന്  റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഫ്രാഞ്ചൈസി, കർണാടക സ്റ്റേറ്റ് ക്രിക്കറ്റ് അസോസിയേഷൻ ഉൾപ്പെടെ കക്ഷികൾക്കെതിരെയാണ് FIR സമർപ്പിച്ചത്.

സ്റ്റേഡിയം ദുരന്തത്തെ തുടർന്ന് കർണാടക സ്റ്റേറ്റ് ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറിയും ട്രഷററും രാജി വെച്ചിരുന്നു.

✪✪✪

നോർവേ ചെസ് കിരീടം നോർവീജിയൻ ചെസ് ഗ്രാൻഡ്മാസ്റ്റർ മാഗ്നസ് കാൾസണ്. അഞ്ച് തവണ ലോക ചാമ്പ്യനായ കാൾസൺ നാടകീയമായ അവസാന റൗണ്ടിലാണ്  കിരീടം ഉറപ്പിച്ചത്.

അമേരിക്കയുടെ  ഫാബിയാനോ കരുവാന രണ്ടാം സ്ഥാനം നേടിയപ്പോൾ, നിലവിലെ ലോക ചാമ്പ്യൻ ഇന്ത്യയുടെ  D. ഗുകേഷിന് മൂന്നാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു.

✪✪✪

അടുത്ത മാസം  24 മുതൽ 27 വരെ കോഴിക്കോട് കോടഞ്ചേരി ചാലിപ്പുഴയിലും ഇരുവഴിഞ്ഞിപ്പുഴയിലും നടത്തുന്ന പതിനൊന്നാമത്  മലബാർ റിവർ ഫെസ്റ്റിവലിന്റെ പ്രീ ഇവന്റുകൾക്ക്  നാളെ തുടക്കമാകും. കൊടിയത്തൂരിൽ നാളെ വണ്ടി പൂട്ടും, ചെളിക്കളിയും നടത്തും.

✪✪✪

ഉത്തര കേരളത്തിലെ കളിയാട്ടങ്ങൾക്ക് പരിസമാപ്തി കുറിച്ചുകൊണ്ട് കണ്ണൂർ വളപട്ടണം കളരിവാതുക്കൽ ഭഗവതി ക്ഷേത്രത്തിലെ  കളിയാട്ടം നാളെ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ..

........വോയ്സ്.......

21 കോൽ ഉയരവും 6.75 കോൽ വീതിയു മുള്ള തിരു മുടി ഉയരുന്നതോടെയാണ് കളരിവാതുക്കൽ ക്ഷേത്രത്തിൽ കലശം ആരംഭിക്കുക.ഉത്തര കേര ളത്തിലെ തെയ്യക്കോലങ്ങളിലെ ഏറ്റവും വലിയ തിരു മുടിയാണിത്.

ഏഴ് കവുങ്ങുകളിലും 71 മുളകളിലും നാലുപുരക്കൽ ആശാരിമാരാണ് തിരുമുടി തീർ ക്കുന്നത്.വ്രതശുദ്ധിയോടെ യാണ് നിർമാണം. തച്ചുശാസ്ത്രപ്രകാരം ഇന്നലെ രാവിലെത്തന്നെ മുളചീന്തുന്ന ജോലി ആരംഭിച്ചു.നാളെ രാവിലെ 6.40 നും 7.40-നും മധ്യേ മിഥുനം രാശിയിൽ കലശം നിറക്കും. ഉച്ചകഴിഞ്ഞ് 3 മണിക്ക് ശ്രീഭാരത് കളരി സം ഘത്തിന്റെ കളരിപ്പയറ്റ് ഉണ്ടാകും, തു ടർന്ന് നാലിന് തിരുമുടി നിവർത്തും. നിരവധി ആളുടെ സഹായത്തോടെ നിവർത്തുന്ന ചട ങ്ങ് ദർശിക്കാൻ ആയിരങ്ങൾ എല്ലാവർഷവും എത്താറുണ്ട്. അഞ്ച് മാസത്തെ ഇടവേളയ്ക്ക് ശേഷം ഇനി തുലാം പത്തിനാണ് തെയ്യക്കാവുകളിലെ കളിയാട്ടങ്ങളുടെ ചിലമ്പൊലി ഉയരുക.

✪✪✪

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ നവീകരണത്തിനു പിന്നാലെ മഹാകുംഭാഭിഷേകം നാളെ നടക്കും. ശ്രീകോവിലിനു മുകളിൽ താഴികക്കുടങ്ങളുടെ സമർപ്പണം, വിഷ്വക്സേന വിഗ്രഹത്തിന്റെ പുനഃപ്രതിഷ്ഠ, തിരുവാമ്പാടി ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ അഷ്ടബന്ധകലശം എന്നിവയാണ് ഒരുമിച്ച് നടത്തുന്നത്.

മാർത്താണ്ഡവർമ മഹാരാജാവ് 1750-ൽ ക്ഷേത്രം നവീകരിച്ച് തൃപ്പടിദാനം നടത്തിയിരുന്നു. ഇതിന് 275 വർഷങ്ങൾക്കു ശേഷമാണ് സ്തൂപികാസമർപ്പണം നടത്തുന്നത്. നാളെ രാവിലെ 7.40-ന് കുംഭാഭിഷേക ചടങ്ങുകൾ നടക്കും. കുംഭാഭിഷേകത്തിനു ശേഷം ഭക്തർക്ക് ദർശനത്തിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

✪✪✪

കൊല്ലത്ത് 61.5ഗ്രാം MDMA യുമായി അഞ്ചുപേർ പിടിയിൽ.ഇടപ്പള്ളികോട്ട സ്വദേശികളായ ബിവിൻ,മുഹമ്മദ്ഷാ, ആദർശ്,ഹേമന്ത്, ഹരികൃഷ്ണൻ എന്നിവരാണ് പിടിയിലായത്.

ബാംഗ്ലൂരിൽ നിന്ന് കൊല്ലത്തേക്ക് കൊണ്ടുവരുന്നതിനിടെ കാർ പിന്തുടർന്നാണ് എക്സൈസ് സംഘം പ്രതികളെ പിടികൂടിയത്.

✪✪✪

കൊച്ചിക്ക് സമീപം കടലിൽ മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകൾ കണ്ടെത്താൻ പരിശോധന തുടരുന്നു. നാളെ മുതൽ കടലിലെ അടിത്തട്ടിൽ തിരച്ചിൽ നടത്തും. ഷിപ്പിംഗ് ഡയറക്ടറേറ്റ് ജനറലും, MSC കമ്പനിയും ചേർന്നായിരിക്കും പരിശോധനയ്ക്ക് നേതൃത്വം നൽകുന്നത്.

✪✪✪

മാതൃഭൂമി സാഹിത്യപുരസ്കാരം എഴുത്തുകാരി സാറാജോസഫിന് വൈകിട്ട് ജ്ഞാനപീഠ ജേതാവ് പ്രതിഭാറായ് കോഴിക്കോട്ട് സമ്മാനിക്കും. മൂന്ന് ലക്ഷം രൂപയും, പ്രശസ്തി പത്രവും, ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

തിരുവനന്തപുരം PMG യിൽ പുലർച്ചെ സ്കൂട്ടർ ഷോറൂമിന് തീ പിടിച്ചു. പത്തോളം ഫയർഫോഴ്സ് യൂണിറ്റുകൾ ചേർന്ന് തീ നിയന്ത്രണവിധേയമാക്കി. ഏതാനും പുതിയ വാഹനങ്ങളും, സ്പെയർ പാർട്സുകളും കത്തിനശിച്ചു. ലക്ഷങ്ങളുടെ നാശനഷ്ടം കണക്കാക്കുന്നു.

✪✪✪

കോഴിക്കോട് കുളങ്ങര പീടികയിൽ പേപ്പറുകൾ സൂക്ഷിച്ചിരുന്ന ഷെഡ്ഡിന് പുലർച്ചെ തീപിടിച്ചു. മീഞ്ചന്തയിൽ നിന്നെത്തിയ അഗ്നിരക്ഷാ സേന നാട്ടുകാരുടെ സഹായത്തോടെ തീ അണച്ചു.

✪✪✪

*News Editor : പി ചന്ദ്രബാബു,*
*News Reader: നിഷിത കുമാരി*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*